**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2884** **12-07-2022 - ൽ മറുപടിയ്ക്ക്**

**പാല മണ്ഡലത്തിലെ രാമപുരം കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാല മണ്ഡലത്തിലെ രാമപുരം കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | രാമപുരം ഉൾപ്പെടെയുള്ള 13 പഞ്ചായത്തുകൾക്ക് (കടനാട് , രാമപുരം, മേലുകാവ് , മൂന്നിലവ് , മീനച്ചിൽ, ഭരണങ്ങാനം, തലപ്പലം, തലനാട് , തിടനാട് , പൂഞ്ഞാർ, പൂഞ്ഞാർ തെക്കേക്കര, കൂട്ടിക്കൽ, തീക്കോയി) 100 % പ്രവർത്തനക്ഷമമായ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുന്നതിനു വേണ്ടി മലങ്കര ഡാമിനെ സ്രോതസ്സാക്കി സമഗ്ര കുടിവെള്ള പദ്ധതി ജല ജീവൻ മിഷൻ പദ്ധതിയിൽ ഭരണാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിരുന്നു. എന്നാൽ നാലാമത് SWSM അപെക്സ് കമ്മിറ്റിയിൽ ഈ പദ്ധതി പുനപരിശോധിക്കുവാനും, ഈ പദ്ധതിയുടെ മറ്റ് സാധ്യതകൾ പരിശോധിച്ച് പുതുക്കിയ DER ഭരണാനുമതിക്കായി സമർപ്പിക്കുവാനും നിർദ്ദേശിച്ചു.<br><br>ഇത് പ്രകാരം ഈ പദ്ധതിയിൽ ഉൾപ്പെട്ട രാമപുരം, കടനാട് , മേലുകാവ് , മൂന്നിലവ് എന്നീ 4 പഞ്ചായത്തുകളെ ഉൾപ്പെടുത്തി മലങ്കര ഡാമിനെ സ്രോതസ്സാക്കി ഒരു സമഗ്ര പദ്ധതി വിഭാവനം ചെയ്യാനും, മറ്റ് 9 പഞ്ചായത്തുകൾക്കുവേണ്ടി മീനച്ചിലാർ, മണിമലയാർ എന്നീ ആറുകളെ സ്രോതസ്സാക്കി പദ്ധതി വിഭാവനം ചെയ്യുവാനും തീരുമാനിക്കുകയുണ്ടായി. ഇതിനെ തുടർന്ന് രാമപുരം, കടനാട് , മേലുകാവ് , മൂന്നിലവ് എന്നീ പഞ്ചായത്തുകൾക്കായി മലങ്കര ഡാം സ്രോതസ്സായി 417.28 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട് . പ്രസ്തുത പദ്ധതിക്ക് ജലജീവൻ മിഷൻ പദ്ധതിയിൽ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>മീനച്ചിൽ, ഭരണങ്ങാനം, തലപ്പലം, തിടനാട് , എന്നീ പഞ്ചായത്തുകൾക്കായി മീനച്ചിലാർ സ്രോതസ്സായി വിഭാവനം ചെയ്ത 303.78 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് ജില്ലാ ശുചിത്വ സമിതിയിൽ അംഗീകരിച്ചിട്ടുണ്ട് . തലനാട് പഞ്ചായത്തിനു വേണ്ടി |

| | | | |
|---|---|---|---|
| | | | **തയ്യാറാക്കിയ 55 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് പഞ്ചായത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് . പ്രസ്തുത പദ്ധതികൾക്കും ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ് .** |
| (ബി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ? | (ബി) | **പ്രസ്തുത പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് പദ്ധതിയ്ക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ആദ്യമേ ആരംഭിക്കുന്നതിനായി പഞ്ചായത്തുകളെ അറിയിച്ചിട്ടുണ്ട് . പദ്ധതിക്ക് ഭരണാനുമതി നൽകുന്ന മുറക്ക് ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ യോഗങ്ങൾ കൂടിയും പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.** |

സെക്ഷൻ ഓഫീസർ